# SCAN & SHARE

## SELF OPD REGISTRATION & QUEUE MANAGEMENT SYSTEM

## NextGen e-Hospital

### INDEX


| Sl No | Subject | Page No |
|---|---|---|
| 1 | Counter QR Code Registration | 2 |
| 2 | Counter Mapping | 4 |
| 3 | ABHA Number creation through Mobile | 6 |
| 4 | ABHA Number creation through Face Auth | 9 |
| 5 | QR Code Scanning & Data Sharing | 15 |
| 6 | OP Registration using Scan & Share | 18 |
| 7 | ABHA Login through Mobile Number | 20 |



Prepared by:

**DR MANESH KUMAR E**

State Nodal Officer [ I T ]

Indian Systems of Medicine

# SCAN & SHARE

## SELF O.P.D REGISTRATION & QUEUE MANAGEMENT SYSTEM AT ISM E-HOSPITALS

ഓ.പി. യിലെത്തുന്ന രോഗികൾക്ക്, ഓ.പി. ടിക്കറ്റ് എടുക്കുന്നതിനായി, നീണ്ട ക്യൂ ഒഴിവാക്കി, ആശുപത്രിയുടെ QR കോഡ് ഉപയോഗിച്ച് സ്കാൻ ചെയ്ത് വ്യക്തിഗതവിവരങ്ങൾ ഷെയർ ചെയ്ത്, എളുപ്പത്തിൽ ഓ.പി. രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗമാണ് സ്കാൻ & ഷെയർ സംവിധാനം. NIC യുടെ NextGen e-Hospital സംവിധാനത്തിൽ ABHA ഇന്റഗ്രേറ്റ് ചെയ്തിട്ടുള്ളതിനാൽ, ഇ-ഹോസ്പിറ്റൽ ഉപയോഗിക്കുന്ന സർക്കാർ ആയുർവേദ ആശുപത്രികളിൽ വളരെ എളുപ്പത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ സ്കാൻ & ഷെയർ ഏർപ്പെടുത്താൻ കഴിയും. ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിന്റെ ആശുപത്രികളിലും ഡിസ്പെൻസറികളിലും NextGen e-Hospital ആണ് HMIS ആയി ഉപയോഗിക്കുന്നത്. രോഗികൾക്കും ഓ.പി. കൗണ്ടറിലെ ഡേറ്റാ എൻട്രി ജീവനക്കാർക്കും ഒരുപോലെ ഉപകാരപ്രദമാണ് സ്കാൻ & ഷെയർ. രോഗികൾക്ക് ക്യൂ നിൽക്കാതെ ടോക്കൺ എടുക്കുന്നതിനും ഡേറ്റാ എൻട്രി ജീവനക്കാർക്ക് എളുപ്പത്തിൽ തെറ്റുകൾ കൂടാതെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിനും ഇതുവഴി സാധിക്കുന്നതാണ്.

സ്കാൻ & ഷെയർ വഴി ഓ.പി. രജിസ്ട്രേഷൻ ചെയ്യുന്നതിന്, രോഗികളായി എത്തുന്നവർക്ക് താഴെ പറയുന്ന രണ്ട് കാര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. **ABHA Number**
2. **ABHA App or any other ABDM enabled Mobile Application**

രോഗികൾക്ക് സ്കാൻ & ഷെയർ സംവിധാനം ഉപയോഗിക്കണമെങ്കിൽ ABHA നമ്പർ ക്രിയേറ്റ് ചെയ്യേണ്ടതായുണ്ട്. സ്കാൻ & ഷെയർ സംവിധാനം ആശുപത്രിയിൽ നടപ്പിലാക്കുന്നതിനായി ആദ്യം ചെയ്യേണ്ടത് രോഗികളുടെ മൊബൈൽ ഫോൺ വഴി, ABHA നമ്പർ ജനറേറ്റ് ചെയ്യുക എന്നതാണ്. രോഗികൾക്ക് ഇത് സ്വയം ചെയ്യാവുന്നതാണ്. ABHA നമ്പർ ജനറേറ്റ് ചെയ്യുന്നതിൽ ഓ.പി. വിഭാഗം ജീവനക്കാർ പൊതുജനങ്ങളെ സഹായിക്കേണ്ടതാണ്.

നമ്മുടെ ആശുപത്രികളിൽ സ്കാൻ & ഷെയർ സവിധാനം താഴെ പറയുന്ന 4 സ്റ്റെപ്പുകളിലായി നടപ്പിലാക്കാവുന്നതാണ്.

| Sl No | Particulars | By Whom |
|---|---|---|
| 1 | Counter QR Code Generation | Hospital |
| 2 | ABHA Number Creation | Patient / Hospital |
| 3 | QR Code Scanning & Data Sharing | Patient |
| 4 | OP Ticket Generation | Hospital |

## COUNTER QR CODE GENERATION:


ആശുപത്രിയിലെത്തുന്ന രോഗികൾക്ക് സ്കാൻ & ഷെയർ ഓപ്ഷൻ ഉപയോഗിച്ച്, സ്കാൻ ചെയ്യുന്നതിനായി ആശുപത്രിയുടെ QR കോഡ് ഡിസ്പ്ലേ ചെയ്യേണ്ടതാണ്. ഈ കോഡ്, നമുക്ക് നമ്മുടെ ഇ-ഹോസ്പിറ്റൽ ലോഗിനിൽ നിന്നും ജനറേറ്റ് ചെയ്ത്, ഡൗൺലോഡ് ചെയ്യാവുന്നതാണ്. നമ്മുടെ NextGen ലോഗിൻ വഴി നമുക്ക് തന്നെ കൗണ്ടർ QR കോഡ് ക്രിയേറ്റ് ചെയ്യാവുന്നതാണ്.

**നെക്സ്റ്റ്ജെൻ ഇ - ഹോസ്പിറ്റലിൽ വന്നിരിക്കുന്ന പുതിയ അപ്ഡേഷൻ പ്രകാരം, കൗണ്ടർ QR കോഡ് ജനറേറ്റ് ചെയ്യുന്നതിനായി ആദ്യം ഫെസിലിറ്റി ഏരിയ ക്രിയേറ്റ് ചെയ്തശേഷം, ആ ഫെസിലിറ്റി ഏരിയയിൽ ആണ് ABDM കൗണ്ടറുകൾ ക്രിയേറ്റ് ചെയ്യേണ്ടത്.** അതിനായി Health Facility Configuration എന്ന മോഡ്യൂളിലെ Hospital Administration എന്ന മെനുവിലെ Facilitation Area എന്ന ഓപ്ഷൻ സെലക്ട് ചെയ്യുക. നിലവിൽ ആഡ് ചെയ്തിട്ടിരിക്കുന്ന ഫെസിലിറ്റി ഏരിയയും, സ്കാൻ & ഷെയർ കൗണ്ടർ വിവരങ്ങളും അവിടെ കാണാവുന്നതാണ്.

പുതിയ ഇ ഹോസ്പിറ്റലുകൾക്ക് ആദ്യമായി ഫെസിലിറ്റി ഏരിയയും കൗണ്ടർ കോഡും ജനറേറ്റ് ചെയ്യുന്നതിനായി Facilitation എന്ന മെനുവിൽ, മുകളിൽ വലതുവശത്തായി കാണുന്ന Add Facilitation Area എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്യുക.




പുതിയ ഫെസിലിറ്റേഷൻ ഏരിയ ആഡ് ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. അതിൽ Facilitation Area Name എന്ന കോളത്തിൽ ഫെസിലിറ്റേഷൻ ഏരിയയുടെ പേര് ടൈപ്പ് ചെയ്ത് നൽകുക. സാധാരണയായി Facility Area 1 എന്ന് പേര് നൽകിയാൽ മതിയാവുന്നതാണ്. ISM സ്ഥാപനങ്ങൾക്ക് പൊതുവിൽ ഒരു ഫെസിലിറ്റേഷൻ ഏരിയ മാത്രം ക്രിയേറ്റ് ചെയ്താൽ മതിയാകും. അതിനുശേഷം Building, Block, Floor എന്നീ കോളങ്ങൾ ഡ്രോപ്പ്ഡൗൺ മെനുവിൽ നിന്നും സെലക്റ്റ് ചെയ്യുക. ഏതെങ്കിലും ഡ്രോപ്പ്ഡൗണിൽ ഇനം ഇല്ലെങ്കിൽ, അത് പൂരിപ്പിക്കേണ്ടതില്ല. No. of Counters എന്ന കോളത്തിൽ ആവശ്യമായ കൗണ്ടറുകളുടെ എണ്ണം നൽകുക. സാധാരണയായി ഒരു കൗണ്ടറിന്റെ ആവശ്യമേ വരുന്നുള്ളൂ. കൂടുതൽ തിരക്കുള്ള ആശുപത്രികളിൽ ആവശ്യമെങ്കിൽ, ഒന്നിൽ കൂടുതൽ കൗണ്ടറുകൾ നൽകാവുന്നതാണ്.




തുടർന്ന്, താഴെയുള്ള **Save** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഫെസിലിറ്റേഷൻ ഏരിയ ജനറേറ്റ് ചെയ്യപ്പെടുന്നതാണ്. ഇതിന്മേലുള്ള എഡിറ്റ് ഓപ്ഷനുകൾ വലതുവശത്തായി കാണാവുന്നതാണ്. സാധാരണയായി ഈ ഓപ്ഷനുകൾ ഉപയോഗിക്കേണ്ടിവരുന്നില്ല.


ഫെസിലിറ്റേഷൻ ഏരിയയുടെ ഏറ്റവും വലതുവശത്തായി, ഫെസിലിറ്റേഷൻ ഏരിയ കോഡ് കാണാവുന്നതാണ്. വേണമെങ്കിൽ ഇത് സ്കാൻ & ഷെയറിനുള്ള QR കോഡായി ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം, ഈ ഓപ്ഷൻ ഉപയോഗിക്കുകയാണെങ്കിൽ, OPD Registration ൽ Shared Profile ൽ Counter എന്ന ഓപ്ഷന് പകരം, Facilitation Area എന്ന ഓപ്ഷനാണ് സ്വീകരിക്കേണ്ടത്.




**ISM ഇ-ഹോസ്പിറ്റലുകളിൽ സ്കാൻ & ഷെയർ ആവശ്യത്തിനായി, കൗണ്ടറുകൾ ക്രിയേറ്റ് ചെയ്ത്, അതിന്റെ QR കോഡ് സ്കാൻ ചെയ്യുന്നതിനായി ഉപയോഗിക്കുന്നതാണ് ഉചിതം. കൗണ്ടറുകൾ ക്രിയേറ്റ് ചെയ്യുന്ന വിധം ചുവടെ ചേർക്കുന്നു.**

## COUNTER MAPPING


ഫെസിലിറ്റേഷൻ ഏരിയയിൽ കൗണ്ടറുകൾ ആഡ് ചെയ്യുന്നതിനായി, ഫെസിലിറ്റേഷൻ ഏരിയയുടെ പേരിന് നേരെയുള്ള **Counter Mapping** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. കൗണ്ടർ ആഡ് ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്.




ഈ പേജിലുള്ള Counter Name എന്ന കോളത്തിൽ കൗണ്ടറിന്റെ പേര് നൽകുക. സാധാരണയായി Counter 1 എന്ന് നൽകിയാൽ മതിയാവുന്നതാണ്.




തുടർന്ന്, **Add New Counter** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ABDM കൗണ്ടർ ക്രിയേറ്റ് ചെയ്യപ്പെടുന്നതാണ്. ഇപ്രകാരം, ആ ഫെസിലിറ്റേഷൻ ഏരിയയിൽ ആവശ്യമായ അത്രയും കൗണ്ടറുകൾ ആഡ് ചെയ്ത് ചേർക്കാവുന്നതാണ്.




**കൗണ്ടർ വിവരങ്ങളിലെ Actions എന്ന കോളത്തിലെ QR കോഡ് ചിഹ്നത്തിൽ ക്ലിക്ക് ചെയ്ത് QR കോഡ് ഡൗൺലോഡ് ചെയ്യെടുക്കാവുന്നതാണ്. ഇത് പ്രിന്റ് എടുത്തോ, പ്രത്യേക സ്റ്റിക്കറായി ചെയ്യിപ്പിച്ചോ രോഗികൾക്ക് സ്കാൻ ചെയ്യുന്നതിനായി നിശ്ചിത സ്ഥലങ്ങളിൽ പതിക്കാവുന്നതാണ്.**

Indian Systems of Medicine





# ABHA NUMBER CREATION THROUGH MOBILE:

ABHA നമ്പർ, മൊബൈൽ ഉപയോഗിച്ച് രണ്ട് രീതിയിൽ ജനറേറ്റ് ചെയ്യാവുന്നതാണ്. ആധാറിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ കൈവശമുള്ളവർക്ക് ആധാർ OTP ഉപയോഗിച്ചും, മൊബൈൽ നമ്പർ കൈവശമില്ലാത്തവർക്ക് Face Authentication ഉപയോഗിച്ചും ABHA നമ്പർ ജനറേറ്റ് ചെയ്ത് നൽകാവുന്നതാണ്. Face Authentication വഴി ABHA നമ്പർ ജനറേറ്റ് ചെയ്യുന്നത് ABDM ന്റെ പുതിയ അപ്ഡേഷനാണ്. നമ്മുടെ ആശുപത്രികളിലെത്തുന്ന, മൊബൈൽ ഫോണില്ലാത്ത, പ്രായമായ രോഗികൾക്ക് ഈ രീതിയിൽ ABHA നമ്പർ ജനറേറ്റ് ചെയ്യാവുന്നതാണ്.

## ABHA CREATION WITH AADHAAR OTP:


ABHA നമ്പർ ജനറേറ്റ് ചെയ്യുന്നതിനായി ആദ്യം ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ABHA എന്ന മൊബൈൽ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്ത്, ഇൻസ്റ്റാൾ ചെയ്യുക. ABHA നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഒരു റഫറൻസ് ആപ്ലിക്കേഷൻ മാത്രമാണ്. ABDM enabled ആയിട്ടുള്ള ഏത് മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചും ABHA നമ്പർ ക്രിയേറ്റ് ചെയ്യാവുന്നതും സ്കാൻ & ഷെയർ ടോക്കൺ എടുക്കാവുന്നതുമാണ്. ഈ ഹെൽപ്പ്ഫയലിൽ ABHA App ഉപയോഗിച്ച് ABHA നമ്പർ ജനറേറ്റ് ചെയ്യുന്ന വിധമാണ് വിശദീകരിക്കുന്നത്.




ABHA ആപ്ലിക്കേഷൻ ഓപ്പൺ ചെയ്തശേഷം, താഴെയുള്ള Login ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ താഴെയുള്ള **Don't have an ABHA Number? Create now** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.


ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നതിനുള്ള പേജ് മൊബൈലിൽ ഓപ്പണാകുന്നതാണ്. മുകളിൽ Aadhaar Number എന്ന ഭാഗത്ത് രോഗിയുടെ ആധാർ നമ്പർ നൽകുക. അതിനുശേഷം Terms & Conditions ൽ താഴെയുള്ള **I Agree** എന്ന ചെക്ക്ബോക്സിൽ ടിക്ക് മാർക്ക് ചെയ്തശേഷം, Next ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന്, ആധാറിന്റെ ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിൽ വരുന്ന OTP, നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, താഴെയുള്ള Mobile Number എന്ന കോളത്തിൽ മൊബൈൽ നമ്പർ നൽകുക. ആധാറിൽ രജിസ്റ്റർ ചെയ്ത നമ്പറോ, രോഗിയുടെ തന്നെ മറ്റേതെങ്കിലും ഫോൺ നമ്പറോ നൽകാവുന്നതാണ്.





അതിനുശേഷം, താഴെയുള്ള Validate ബട്ടണിൽ ക്ലിക്ക് ചെയ്യുക. രോഗിയുടെ ABHA നമ്പർ ക്രിയേറ്റ് ആയതായി **ABHA Number created successfully** എന്ന് ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്. ഈ പേജിൽ

താഴെയുള്ള Create New ABHA Address എന്ന കോളത്തിൽ ABHA അഡ്രസ്സ് ക്രിയേറ്റ് ചെയ്യുന്നതിനായി എൻടി നടത്താവുന്നതാണ്. ഇ – മെയിൽ അഡ്രസ്സ് പോലെ എളുപ്പത്തിൽ ഓർത്തിരിക്കാവുന്ന അഡ്രസ്സ് നൽകാവുന്നതാണ്. അഡ്രസ്സിന്റെ availability, എന്റർ ചെയ്തുകഴിയുമ്പോൾ അറിയാവുന്നതാണ്. അഡ്രസ്സ് സംബന്ധിച്ച് സിസ്റ്റം നൽകുന്ന നിർദ്ദേശങ്ങൾ താഴെ കാണാവുന്നതാണ്.





ലഭ്യമായ ABHA അഡ്രസ്സ് എന്റർ ചെയ്തശേഷം, താഴെയുള്ള Submit ബട്ടണിൽ ക്ലിക്ക് ചെയ്യുക. അതോടുകൂടി, ABHA അഡ്രസ്സ് ക്രിയേറ്റ് ചെയ്തതായി ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്. ABHA App ൽ ലോഗിൻ ചെയ്യാവുന്നതാണെന്നുള്ള നിർദ്ദേശവും കാണാവുന്നതാണ്.




## ABHA CREATION WITH FACE AUTH:

മൊബൈൽ കൈവശമില്ലാത്തതിനാൽ, ആധാർ OTP ലഭ്യമല്ലാത്ത രോഗികൾക്ക്, Face Authentication വഴി ABHA നമ്പർ ജനറേറ്റ് ചെയ്ത് നൽകാവുന്നതാണ്. ഇത് ആശുപത്രിയിലെ മൊബൈൽ ഫോൺ വഴി ചെയ്തുനൽകാവുന്നതാണ്. **ഇതിനായി ആശുപത്രിയിലെ മൊബൈൽ ഫോണിൽ Aadhaar Face RD എന്ന ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്തിരിക്കണം.** ആധാർ ഫേസ് ബയോമെട്രിക് പഞ്ചിംഗിനായി ഉപയോഗിക്കുന്ന അതേ മൊബൈൽ ആപ്ലിക്കേഷൻ ആണിത്. ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്.


ABHA ആപ്ലിക്കേഷൻ ഓപ്പൺ ചെയ്തശേഷം, താഴെയുള്ള Login ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ താഴെയുള്ള **Don't have an ABHA Number? Create now** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.






ABHA നമ്പർ ക്രിയേറ്റ് ചെയ്യുന്നതിനുള്ള പേജ് മൊബൈലിൽ ഓപ്പണാകുന്നതാണ്. മുകളിൽ Aadhaar Number എന്ന ഭാഗത്ത് രോഗിയുടെ ആധാർ നമ്പർ നൽകുക. അതിനുശേഷം Terms & Conditions ൽ താഴെയുള്ള


**I Agree** എന്ന ചെക്ക്ബോക്സിൽ ടിക്ക് മാർക്ക് ചെയ്തശേഷം, Next ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് വരുന്ന പേജിൽ Face Auth എന്ന ഓപ്ഷൻ സെലക്റ്റ് ചെയ്തശേഷം, Next ബട്ടണിൽ ക്ലിക്ക് ചെയ്യുക.









Face image ക്യാപ്ച്ചർ ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്. അത് ഉപയോഗിച്ച് ഇമേജ് എടുക്കുക.







Face image ക്യാപ്ച്ചർ ചെയ്തുകഴിഞ്ഞാൽ, മൊബൈൽ നമ്പർ എന്റർ ചെയ്യുന്നതിനുള്ള പേജ് ഓപ്പണാകുന്നതാണ്.





അവിടെ മൊബൈൽ നമ്പർ നൽകി Validate ചെയ്യുന്നതോടെ ABHA നമ്പർ ജനറേറ്റ് ചെയ്യപ്പെടുന്നതാണ്. ആധാർ ഡേറ്റാബേസിൽ ഇ മെയിൽ നൽകിയിട്ടില്ലെങ്കിൽ ഇ മെയിൽ വെരിഫിക്കേഷന്റെ പേജ് കൂടി വരുന്നതാണ്. ഈ പേജ് നിർബന്ധമല്ല. Skip ചെയ്യാവുന്നതാണ്.



രോഗിയുടെ ABHA നമ്പർ ക്രിയേറ്റ് ആയതായി **ABHA Number created successfully** എന്ന് ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്. ഈ പേജിൽ താഴെയുള്ള Create New ABHA Address എന്ന കോളത്തിൽ ABHA അഡ്രസ്സ് ക്രിയേറ്റ് ചെയ്യുന്നതിനായി എൻട്രി നടത്താവുന്നതാണ്. ഇ – മെയിൽ അഡ്രസ്സ് പോലെ എളുപ്പത്തിൽ ഓർത്തിരിക്കാവുന്ന അഡ്രസ്സ് നൽകാവുന്നതാണ്. അഡ്രസ്സിന്റെ availability, എന്റർ ചെയ്തുകഴിയുമ്പോൾ അറിയാവുന്നതാണ്. അഡ്രസ്സ് സംബന്ധിച്ച് സിസ്റ്റം നൽകുന്ന നിർദ്ദേശങ്ങൾ താഴെ കാണാവുന്നതാണ്.








ലഭ്യമായ ABHA അഡ്രസ്സ് എന്റർ ചെയ്തശേഷം, താഴെയുള്ള Submit ബട്ടണിൽ ക്ലിക്ക് ചെയ്യുക. അതോടുകൂടി, ABHA അഡ്രസ്സ് ക്രിയേറ്റ് ചെയ്തതായി ഓൺസ്ക്രീൻ മെസേജ് വരുന്നതാണ്. ABHA App ൽ ലോഗിൻ ചെയ്യാവുന്നതാണെന്നുള്ള നിർദ്ദേശവും കാണാവുന്നതാണ്.



മുമ്പ് ABHA ജനറേറ്റ് ചെയ്തിട്ടുള്ളവർക്ക് Continue ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ, ABHA കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള പേജ് നേരിട്ട് ഓപ്പണാകുന്നതാണ്.








ലോഗിൻ ചെയ്യുന്നതിനായി ABHA ആപ്ലിക്കേഷനിലെ Login ബട്ടണിൽ ക്ലിക്ക് ചെയ്യുക.


## LOGIN @ ABHA APPLICATION:

സ്കാൻ & ഷെയർ ഉപയോഗിച്ച് ടോക്കൺ എടുക്കുന്നതിനായി, രോഗികൾ അവരുടെ ഫോണിലെ ABHA ആപ്ലിക്കേഷൻ വഴി ലോഗിൻ ചെയ്യുക. ലോഗിൻ ചെയ്യുന്നതിനായി ABHA ആപ്ലിക്കേഷനിലെ Login ബട്ടണിൽ ക്ലിക്ക് ചെയ്യുക. ലോഗിൻ വാലിഡേഷൻ 2 രീതിയിൽ ചെയ്യാവുന്നതാണ്. **ആധാറിൽ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ കൈവശമുള്ളവർക്ക് Aadhaar OTP വഴിയും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പർ കൈവശമില്ലാത്തവർക്ക് Face Authentication വഴിയും ABHA ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്യാവുന്നതാണ്.** Face Auth ആണ്


ഉപയോഗിക്കുന്നതെങ്കിൽ, അവരുടെ ഫോണിൽ Aadhaar Face RD എന്ന ആപ്ളിക്കേഷൻ ഇൻസ്റ്റാൾ ചെയ്തിരിക്കണം.


ആധാർ വഴി ലോഗിൻ ചെയ്യുന്നതിനായി, Aadhaar OTP എന്ന ഓപ്ഷൻ സെലക്റ്റ് ചെയ്തശേഷം, Terms & Conditions ലെ I Agree ചെക്ക്ബോക്സിൽ ടിക്ക് മാർക്ക് ചെയ്ത്, താഴെയുള്ള Continue ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന്, മൊബൈൽ നമ്പറിൽ വരുന്ന OTP, നിർദ്ദിഷ്ടകോളത്തിൽ എന്റർ ചെയ്തശേഷം, താഴെയുള്ള Submit ബട്ടണിൽ ക്ലിക്ക് ചെയ്യുക.




തുടർന്ന്, ആ നമ്പറിലെ ABHA അഡ്രസ്സുകൾ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. നമുക്ക് ആവശ്യമായ ABHA അഡ്രസ്സ് സെലക്റ്റ് ചെയ്തശേഷം, താഴെയുള്ള Continue ബട്ടണിൽ ക്ലിക്ക് ചെയ്യുക. ഇതോടുകൂടി ABHA ലോഗിൻ പൂർത്തിയാകുന്നതാണ്. ലോഗിൻ പേജിലെ സ്കാനർ ഉപയോഗിച്ച്, ആശുപത്രിയുടെ QR കോഡ് സ്കാൻ ചെയ്ത്, സ്കാൻ & ഷെയർ ടോക്കൺ എടുക്കാവുന്നതാണ്.









## QR Code Scanning & Data Sharing:

ABHA, Arogya Sethu, Driefcase, Eka Care തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ സ്കാൻ & ഷെയർ വഴി ടോക്കൺ എടുക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്. നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ABHA ആപ്ലിക്കേഷൻ ഉപയോഗിക്കുന്നതാവും ഏറ്റവും നല്ലത്. ABHA ആപ്ലിക്കേഷൻ ഒരു PHR [Personal Health Record] ആപ്ലിക്കേഷൻ ആണ്. ലിങ്ക് ചെയ്തിട്ടുള്ള എല്ലാ ഡിജിറ്റൽ ഹെൽത്ത് റെക്കോർഡുകളും ഈ ആപ്ലിക്കേഷൻ വഴി കാണാവുന്നതാണ്. ഐ.എസ്.എം. ഡിപ്പാർട്ട്മെന്റിലെ ഇ – ഹോസ്പിറ്റലുകളിൽ ജനറേറ്റ് ചെയ്യുന്ന പ്രിസ്ക്രിപ്ഷനുകളും ലബോറട്ടറി റിപ്പോർട്ടുകളും ABHA ആപ്ലിക്കേഷനിൽ രോഗികൾക്ക് കാണാവുന്നതാണ്.

ABHA നമ്പർ ഉള്ള രോഗികൾക്ക് ABHA App ൽ മൊബൈൽ നമ്പർ നൽകി ലോഗിൻ ചെയ്തുകഴിയുമ്പോൾ നമ്മുടെ പ്രൊഫൈൽ ഓപ്പണാകുന്നതാണ്. പ്രൊഫൈൽ പേജിൽ, ഏറ്റവും താഴെയായി സ്കാനിംഗ് ഓപ്ഷൻ കാണാവുന്നതാണ്. അതിൽ ക്ലിക്ക് ചെയ്ത് ഓപ്പണാക്കുക.





QR കോഡ് സ്കാനർ ഓപ്പണാകുന്നതാണ്. അതുപയോഗിച്ച് ആശുപത്രിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന ആശുപത്രിയുടെ QR കോഡ് സ്കാൻ ചെയ്യുക. മൊബൈൽ ഫോണിന്റെ ഗാലറിയിൽ നിന്നും സ്കാൻ ചെയ്യാനുള്ള സൗകര്യവും മൊബൈൽ ആപ്ലിക്കേഷനിലുണ്ട്.


QR കോഡ് സ്കാൻ ചെയ്യുന്നതോടുകൂടി, ഫോണിൽ രോഗിയുടെ ABHA ഡേറ്റാബേസിൽ നിന്നും ഷെയർ ചെയ്യാനുള്ള അടിസ്ഥാനവിവരങ്ങളും, ഏത് ആശുപത്രിയ്ക്കാണ് ഷെയർ ചെയ്യുന്നത് എന്നുള്ള വിവരവും വരുന്നതാണ്. ഈ പേജിൽ താഴെയുള്ള **Get Token** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തുടർന്ന് ABHA ഡേറ്റാബേസിൽ നിന്നും ഷെയർ ചെയ്യാനുള്ള വിവരങ്ങളുടെ consent ചോദിച്ചുകൊണ്ടുള്ള പേജ് മൊബൈലിൽ ഓപ്പണാകുന്നതാണ്. അതിൽ **I Agree** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.




അതോടുകൂടി, രോഗിയുടെ അടിസ്ഥാനവിവരങ്ങൾ ആശുപത്രിയുടെ സോഫ്റ്റ്‌വെയറുമായി ഷെയർ ചെയ്യപ്പെടുകയും ടോക്കൺ നമ്പർ ജനറേറ്റ് ചെയ്യപ്പെടുകയും ചെയ്യുന്നതാണ്. **ഈ ടോക്കൺ നമ്പർ ഡോക്ടറെ കാണുന്നതിനുള്ള ടോക്കൺ നമ്പർ അല്ലെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കുക.** QR കോഡ് കൗണ്ടറിലെ ടോക്കൺ നമ്പറാണിത്.


Indian Systems of Medicine
Govt. of Kerala





ഇതോടുകൂടി രോഗിയുടെ ഭാഗത്തുനിന്നും ചെയ്യേണ്ടുന്ന കാര്യങ്ങൾ പൂർത്തിയാകുന്നതാണ്. **രോഗിക്ക് ഈ മെസ്സേജുമായി, ഒ.പി. ടിക്കറ്റ് കൗണ്ടറിനെ സമീപിക്കാവുന്നതാണ്. ഇപ്രകാരം ജനറേറ്റ് ചെയ്യുന്ന ടോക്കണിന് 60 മിനിറ്റ് ആണ് വാലിഡിറ്റി ഉള്ളത്. 60 മിനിറ്റിനകം ഒ.പി. ടിക്കറ്റ് കൗണ്ടറിൽ ബന്ധപ്പെട്ടിട്ടില്ലെങ്കിൽ, ടോക്കൺ expire ആകുന്നതാണ്.**

# O.P. REGISTRATION USING SCAN & SHARE


സ്കാൻ & ഷെയർ വഴി ക്യൂ.ആർ. കോഡ് സ്കാൻ ചെയ്ത് ടോക്കൺ എടുത്തിട്ടുള്ള രോഗികളുടെ ഓ.പി. രജിസ്ട്രേഷൻ ABDM വിൻഡോ വഴിയാണ് ചെയ്യുന്നത്. അവർ സ്കാൻ ചെയ്യു സമയത്ത് മൊബൈൽ ആപ്ലിക്കേഷനിൽ consent നല്കിയിട്ടുള്ളതിനാൽ, വീണ്ടും മൊബൈൽ വഴി വെരിഫിക്കേഷൻ ആവശ്യമില്ല. ഏറ്റവും എളുപ്പത്തിൽ ഓ.പി. രജിസ്ട്രേഷൻ ചെയ്യാവുന്നത് സ്കാൻ & ഷെയർ വഴിയാണ്.




സ്കാൻ & ഷെയർ വഴി ടോക്കൺ എടുത്തിട്ടുള്ളവരുടെ വിവരങ്ങൾ ABDM വിൻഡോയിൽ Shared Profile എന്ന ഓപ്ഷനിൽ കിട്ടുന്നതാണ്. അതിനായി Shared Profile ൽ Facilitation Area, Counter എന്നിവ സെലക്റ്റ് ചെയ്യുക. Select Counter എന്ന കോളത്തിൽ Counter No. 1 [ഏത് കൗണ്ടറിലാണോ QR കോഡ് അസൈൻ ചെയ്തിരിക്കുന്നത്, ആ കൗണ്ടർ] സെലക്റ്റ് ചെയ്യുക.




തുടർന്ന് താഴെയായി Call Patient, Missing Queue, Patient List എന്നിങ്ങനെ 3 ഓപ്ഷനുകൾ വരുന്നതാണ്. അതിൽ **Call Patient** ൽ ക്ലിക്ക് ചെയ്യുക. QR കോഡ് സ്കാൻ ചെയ്ത് ടോക്കൺ എടുത്തിട്ടുള്ളവരുടെ പേരുവിവരങ്ങൾ മുൻഗണനാക്രമത്തിൽ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്. അതിൽ രോഗിയുടെ പേരിന് നേരെയുള്ള Proceed ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ രോഗിയുടെ മുഴുവൻ വിവരങ്ങളും Patient Details എന്ന രജിസ്ട്രേഷൻ പേജിൽ തനിയെത്തന്നെ വരുന്നതാണ്.





തുടർന്ന്, താഴെയുള്ള Visit Details എന്ന ഭാഗത്ത് കാണേണ്ടുന്ന ഡോക്ടറുടെ വിവരങ്ങൾ സെലക്ട് ചെയ്തശേഷം, താഴെയുള്ള **Register** ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യപ്പെടുന്നതാണ്.

Patient List എന്ന ഓപ്ഷനിൽ ക്ലിക്ക് ചെയ്താൽ, അന്നേ ദിവസം സ്കാൻ & ഷെയർ വഴി ടോക്കൺ എടുത്തിട്ടുള്ള എല്ലാ രോഗികളുടെയും ലിസ്റ്റ് കാണാവുന്നതാണ്.



ഇവിടെ നിന്നും നേരിട്ട് രോഗിയുടെ പേര് സെലക്റ്റ് ചെയ്ത്, ഓ.പി. ടിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്.


New Patient Registration Using ABHA/ABHA Look-Up/ Referral


| | | | |
|---|---|---|---|
| SREELEKSHMI VINAYAN | F | 20 | Select |
| C Manikuttan | M | 21 | Select |
| Remya Rajan | F | 22 | Select |
| Biju K | M | 23 | Select |
| Presanna Kumari Amma Balakrishna Pillai | F | 24 | Select |
| Pranav S D | M | 25 | Select |
| Shibi Siraj | F | 26 | Select |
| Gautham Easwar M | M | 27 | Select |

## ABHA LOGIN THROUGH MOBILE NUMBER

ഭാരതീയ ചികിത്സാവകുപ്പ്
Indian Systems of Medicine

ആശുപത്രിയിലെത്തുന്ന രോഗികളുടെ മൊബൈൽ ഫോണിൽ ABHA ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്തശേഷം, മൊബൈൽ നമ്പർ ഉപയോഗിച്ച് ABHA App ൽ ലോഗിൻ ചെയ്യാവുന്നതാണ്. മുമ്പ് എപ്പോഴെങ്കിലും ABHA നമ്പർ ക്രിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള ആൾക്കാർക്ക് മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. കേരളത്തിലെ ഭൂരിഭാഗം ജനങ്ങൾക്കും ഏതെങ്കിലും സർക്കാർ പ്രോഗ്രാം വഴി ഇതിനോടകം തന്നെ ABHA നമ്പർ / അഡ്രസ്സ് ക്രിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിനാൽ, ആധാർ നമ്പർ കയ്യിലില്ലാത്ത രോഗികൾക്ക് ഈ രീതി പരീക്ഷിക്കാവുന്നതാണ്.


ഇതിനായി, ABHA App ലെ ലോഗിൻ പേജിൽ രോഗിയുടെ മൊബൈൽ നമ്പർ നൽകി, Continue ബട്ടണിൽ ക്ലിക്ക് ചെയ്യുക.








തുടർന്ന്, മൊബൈലിൽ വരുന്ന OTP എന്റർ ചെയ്തശേഷം, Submit ചെയ്യുക. ആ മൊബൈൽ നമ്പറിൽ ലിങ്ക് ചെയ്തിട്ടുള്ള ABHA അഡ്രസ്സുകൾ ലിസ്റ്റ് ചെയ്യപ്പെടുന്നതാണ്.






ലോഗിൻ ചെയ്യേണ്ടുന്ന ABHA അഡ്രസ്സ് സെലക്റ്റ് ചെയ്തശേഷം, Continue ബട്ടണിൽ ക്ലിക്ക് ചെയ്യുന്നതോടെ ലോഗിൻ പൂർത്തിയായി, സ്കാൻ & ഷെയർ ടോക്കൺ എടുക്കാൻ കഴിയുന്നതാണ്.




ഭാരതീയ ചികിത്സാവകുപ്പ്
Indian Systems of Medicine
Govt. of Kerala

| | |
|---|---|
| **Scan & Share Video by NHA** | **Download** |